# പതിനാലാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1136 04.02.2019 - ൽ മറുപടിക്ക്**

**കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ബേ നിർമ്മാണം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.മോൻസ് ജോസഫ് : | | ശ്രീ. ജി. സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | കടുത്തുരുത്തി വലിയപാലത്തോട് ചേർന്ന് ബസ് ബേ നിർമ്മിക്കുന്നതിന് 2018-2019 സാമ്പത്തിക വർഷത്തെ ബജററിൽ ഉൾപ്പെടുത്തിയിരുന്ന 2 കോടി 20 ലക്ഷം രൂപയുടെ പൊതുമരാമത്ത് പ്രവൃത്തിക്ക് ഭരണാനുമതി ലഭ്യമാക്കിയിട്ടുണ്ടോ എന്നറിയിക്കാമോ; ഇല്ലെങ്കിൽ ആയത് എന്നത്തേയ്ക്ക് ലഭ്യമാക്കും എന്ന് വ്യക്തമാക്കാമോ; | (എ) | ഇല്ല, പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ഭരണാനുമതി നൽകുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | ഇതേ ആവശ്യമുന്നയിച്ച് 20.1.2018 ൽ സർക്കാരിന് നൽകിയ കത്തിന്റെ അടിസ്ഥാനത്തിൽ ഫയൽ നമ്പർ ജ1/67/2018 പൊ.മ.വ. പ്രകാരം പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗം ചീഫ് എഞ്ചിനീയർ റിപ്പോർട്ട് നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; | (ബി) | പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ 28.01.2019 - ൽ റിപ്പോർട്ട് നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (സി) | പ്രസ്തുത പദ്ധതിക്ക് ഡി.പി.ആർ തയ്യാറായിട്ടുണ്ടോ; ഈ ഡി.പി.ആർ തയ്യാറാക്കുന്നതിന് മുമ്പായി ജനപ്രതിനിധികളുമായി ചർച്ച നടത്തിയിട്ടുണ്ടോ; | (സി) | ഡി.പി.ആർ തയ്യാറാക്കിയിട്ടില്ല. ഡി.പി.ആർ. തയ്യാറാക്കുന്നതിനായി ഇൻവെസ്റ്റിഗേഷൻ നടത്തേണ്ടതിനാൽ അതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കി 5.46 ലക്ഷം രൂപയുടെ ഭരണാനുമതിയ്ക്കായി ചീഫ് എഞ്ചിനീയർക്ക് നൽകിയിട്ടുണ്ട്. ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ഇൻവെസ്റ്റിഗേഷൻ നടപടികൾ |

| | | |
|---|---|---|
| | | പൂർത്തിയാക്കി ഡി.പി.ആർ. തയ്യാറാക്കുന്നതാണ്. ഡി.പി.ആർ തയ്യാറാക്കുന്നതിനു മുൻപായി ജനപ്രതിനിധികളുമായി ചർച്ച നടത്തുന്ന കാര്യം പരിഗണിക്കുന്നതാണ്. |
| (ഡി) | പദ്ധതിക്ക് അന്തിമ രൂപം നൽകിയിട്ടുണ്ടോ എന്നും വിശദമായ മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ എന്നും വ്യക്തമാക്കാമോ? | (ഡി) ഡി.പി.ആർ. തയ്യാറാക്കിയാൽ മാത്രമേ പദ്ധതിക്ക് അന്തിമരൂപം നൽകുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**